9.30 AM]

II അറിയിപ്പ്

1. ഗവർണറുടെ സന്ദേശം

മി. സ്പീക്കർ : ഓർഡർ..ഓർഡർ... കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 15-ാം ചട്ടത്തിന്റെ 8-ാം ഉപചട്ട പ്രകാരം ഗവർണറുടെ മറുപടി ഞാൻ സഭയെ അറിയിക്കുന്നു.

I thank the 13th Kerala Legislative Assembly for the motion of thanks adopted by its 13th session on my address to the Assembly on 6th March 2015.

2. സഭയിലുണ്ടായ അനിഷ്ട സംഭവങ്ങൾ

2015 മാർച്ച് 13 നമ്മുടെ നിയമസഭാ ചരിത്രത്തിലെ ഏറ്റവും ദുഃഖകരമായ ദിനമായി മാറി. ലോകത്തിനുമുന്നിൽ തലകനിച്ച് നിൽക്കേണ്ടതായ അവസ്ഥ ഈ സംഭവങ്ങൾമൂലം നമുക്കുണ്ടായി. ഈ സംഭവങ്ങൾ ഇപ്പോൾ ലോകം മുഴുവനും ചർച്ച ചെയ്യുകയാണ്. പല കാര്യങ്ങളിലും ഒന്നാം സ്ഥാനത്ത് നിൽക്കുന്ന നമുക്ക് ഈ ഒരു ദിവസത്തെ സംഭവങ്ങളിലൂടെ ആ ഒന്നാം സ്ഥാനം നഷ്ടപ്പെടുകയായിരുന്നു. വളരെ പരിപാവനമായി കരുതുന്ന നിയമസഭയിലെ സ്പീക്കറുടെ ഡയസ്സിൽ ഇടക്കുബെൽ അടിക്കുന്നതിനുമുൻപേ ചാടിക്കയറുകയും അടിച്ച് നശിപ്പിക്കുകയും ചെയ്ത ദൃശ്യങ്ങൾ നമ്മുടെ സാംസ്കാരിക പുരോഗതിയെതന്നെ വെല്ലുവിളിക്കുന്നു. സകല സീമകളും ലംഘിച്ചുകൊണ്ടുള്ള പ്രവൃത്തികളിലൂടെ നാം നമ്മെത്തന്നെയാണ് നാണം കെടുത്തിയിട്ടുള്ളത്. ഇത്തരം ഒരു സംഭവം ഭാരതത്തിൽ ഒരു നിയമസഭയിലും ഉണ്ടായതായി അറിവില്ല. വളരെയേറെ സാംസ്കാരിക സമ്പന്നരും സാക്ഷരരുമായ നമ്മൾതന്നെ ഇത്തരമൊരു അവസ്ഥയിലേക്ക് തരംതാഴ്ന്നത് നമുക്കുതന്നെ തീരാക്കളങ്കമായി മാറി. ജനാധിപത്യത്തിനും നിയമനിർമ്മാണസഭാ പ്രവർത്തനങ്ങൾക്കും ഈ സംഭവങ്ങൾ വിനാശകരമായ ഭാവി പ്രവചിക്കുന്നു. ഈ സംഭവങ്ങളിൽ നാം സ്വയം ലജ്ജിക്കുകയും ദുഃഖം പ്രകടിപ്പിക്കുകയും ജനങ്ങളോട് മാപ്പപേക്ഷിക്കുകയും ചെയ്യേണ്ടതുണ്ട്. ഇനിയും കാലങ്ങളോളം നിലനിൽക്കേണ്ട ജനാധിപത്യ മൂല്യങ്ങൾ ഇത്തരം സംഭവവികാസങ്ങളിലൂടെ നശിപ്പിക്കുന്നതിന് നാം അടുത്ത തലമുറയോട് കണക്ക് പറയേണ്ടതായിവരും. ഒരിക്കലും സംഭവിക്കാൻ അരുതാത്തത് സംഭവിച്ചു കഴിഞ്ഞു. നാം ലോകത്തിന് മുന്നിൽ നാണംകെട്ടു. ലോകം മുഴുവൻ ചർച്ചചെയ്യുന്ന ഈ കറുത്ത ദിനത്തിൽ നാമെല്ലാം ഉത്തരം പറയേണ്ടതായി വരും.

LIBRARY ARCHIVES Kerala Legislative Assembly